## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

04.06.2018 — ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 400

# റേഷൻ കാർഡിലെ മുൻഗണനാവിഭാഗത്തിലെ അനർഹർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. യു. ആർ. പ്രദീപ് : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) നിലവിൽ മുൻഗണനാവിഭാഗം റേഷൻ കാർഡുകൾ എത്ര എണ്ണമുണ്ടെന്ന വ്യക്തമാക്കാമോ ; | (എ) നിലവിൽ 35,02,509 എണ്ണം മുൻഗണനാ വിഭാഗം റേഷൻ കാർഡുകളുണ്ട്. |
| (ബി) സബ്സിഡി വിഭാഗം എത്ര എണ്ണമുണ്ടെന്നും അവയിൽ ഉൾപ്പെടുന്ന എത്ര കാർഡുകളുണ്ടെന്നും വ്യക്തമാക്കാമോ ; | (ബി) സബ്സിഡി വിഭാഗം റേഷൻ കാർഡ് ഒരിനമാണ് ഉള്ളത്. പ്രസ്തുത കാർഡുകളുടെ എണ്ണം 2935436 ആണ്. |
| (സി) മുൻഗണനവിഭാഗത്തിൽ നിന്നും അനർഹരാണെന്ന് കണ്ടെത്തി എത്ര പേരെ മുൻഗണനേതരവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ; | (സി) മുൻഗണനാ വിഭാഗത്തിൽനിന്നും അനർഹരാണെന്ന് കണ്ടെത്തി 176328 പേരെ മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. |

| | |
|---|---|
| തിരുവനന്തപുരം | 20722 |
| കൊല്ലം | 18042 |
| പത്തനംതിട്ട | 7722 |
| ആലപ്പുഴ | 10070 |
| കോട്ടയം | 7662 |
| ഇടുക്കി | 3156 |
| എറണാകുളം | 14289 |
| തൃശ്ശൂർ | 21866 |
| പാലക്കാട് | 16395 |
| മലപ്പുറം | 21837 |
| കോഴിക്കോട് | 17454 |
| വയനാട് | 3426 |
| കണ്ണൂർ | 7578 |
| കാസർഗോഡ് | 6109 |

| | |
|---|---|
| (ഡി) 1000 സ്ക്വയർ ഫീറ്റിലധികമുള്ള വീട്, നാല്ച ചക്രവാഹനം, ഒരേക്കറിലധികം ഭൂമി, വിദേശത്ത് ഉയർന്ന ശമ്പളമുള്ള ജോലി, ഇവയുള്ളവരുടെ റേഷൻകാർഡുകൾ ഇനിയും മുൻഗണനാവിഭാഗത്തിൽ ഉണ്ട് എന്നത് കണക്കിലെടുത്ത് കൂടുതൽ കർശനപരിശോധനകൾ നടത്തി അനർഹരെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (ഡി) മോട്ടോർ വെഹിക്കിൾ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിൽ നിന്നും ലഭിച്ച ഡാറ്റാ ആർ.സി.എം.എസ്.-മായി മാപ്പ് ചെയ്ത് ഫീൽഡ് വെരിഫിക്കേഷൻ നടത്തി അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ